# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **ജൂൺ 18** | |
| **JUNE 18** | **2018** |

***1193 മിഥുനം 4 തിങ്കൾ***

# പത്രക്കുറിപ്പ്

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**ക്യാഷ് അവാർഡിന് അപേക്ഷിക്കാം**

കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ അംഗങ്ങളുടെ മക്കളിൽ 2017-18 അധ്യയന വർഷം സ്റ്റേറ്റ്/സിബിഎസ്ഇ/ഐസിഎസ്ഇ സിലബസുകളിൽ 10, പ്ലസ്ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയവർക്ക് ക്യാഷ് അവാർഡ് നൽകുന്നു. സ്റ്റേറ്റ് സിലബസിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ്, സിബിഎസ്ഇയിൽ എ വൺ, ഐസിഎസ്ഇ സിലബസിൽ 90 ശതാമനം മാർക്ക്/ഗ്രേഡ് ലഭിച്ചവർക്ക് അപേക്ഷിക്കാം. അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം ജൂലൈ 10നകം നൽകണമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ഫോൺ: 0468 2223169.

(പിഎൻപി 1558/18)

**ഐടിഐ അഡ്മിഷൻ**

പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പന്തളം ചേരിക്കൽ ഐറ്റിഐയിൽ എൻസിവിറ്റി അംഗീകാരമുള്ള പ്ലംബർ ട്രേഡിലും എസ്.സി.വി.ടി അംഗീകാരമുള്ള ഇലക്ട്രീഷ്യൻ, മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ ട്രേഡിലും അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി പാസായവർക്ക് അപേക്ഷിക്കാം. തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി വിഭാഗക്കാർക്ക് 820 രൂപ ലംപ്സംഗ്രാന്റും 630 രൂപ പ്രതിമാസ സ്റ്റൈപ്പന്റും എല്ലാ വിഭാഗക്കാർക്കും 900 രൂപ യൂണിഫോം അലവൻസും 3000 രൂപ സ്റ്റഡി ടൂർ അലവൻസും ലഭിക്കും. സൗജന്യ ഉച്ചഭക്ഷണവും ലഭ്യമാണ്. ആൺകുട്ടികൾക്ക് സൗജന്യ ഹോസ്റ്റൽ സൗകര്യം ഉണ്ട്. അപേക്ഷാഫോറം ഐടിഐയിൽ ലഭിക്കും. സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം

അപേക്ഷ ഈ മാസം 26ന് മുമ്പ് ഐടിഐയിൽ ലഭിക്കണം. ഫോൺ: 04734 252243, 9496815907. (പിഎൻപി 1559/18)

## ഹയർ സെക്കൻഡറി വിദ്യാർഥികൾക്കായി വായനാക്വിസ് 21ന്

വായനദിന വാരാഘോഷത്തിന്റെ ഭാഗമായി ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ജില്ലയിലെ ഹയർ സെക്കൻഡറി വിദ്യാർഥികൾക്കായി നടത്തുന്ന വായനാക്വിസ് മത്സരം 21ന് രാവിലെ 10ന് കളക്ടറേറ്റിലെ മിനി കോൺഫറൻസ് ഹാളിൽ നടക്കും. പ്രശസ്ത സാമൂഹിക പ്രവർത്തക ഡോ.എം.എസ്. സുനിൽ മത്സരം നയിക്കും. രണ്ട് പേരടങ്ങുന്ന ടീമിന് പങ്കെടുക്കാം. പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രം ഹാജരാക്കണം. രജിസ്ട്രേഷന് 9656257618, 8075044858 എന്നീ നമ്പരുകളിൽ വിളിക്കുക. (പിഎൻപി 1560/18)

## ക്ഷീരോൽപ്പന്ന നിർമാണ പരിശീലനം

ഓച്ചിറ ക്ഷീരോൽപ്പന്ന പരിശീലന വികസന കേന്ദ്രത്തിൽ ഈ മാസം 22 മുതൽ ജൂലൈ ഏഴ് വരെ വിവിധ ക്ഷീരോൽപ്പന്നങ്ങളുടെ നിർമാണത്തിൽ പരിശീലനം നൽകും. ഫോൺ: 0476 2698550. (പിഎൻപി 1561/18)

## ലീഗൽ മെട്രോളജി പുനപരിശോധന

കോഴഞ്ചേരി, കോന്നി താലൂക്കുകളിലെ വ്യാപാരികളുടെ 2018 ബി ക്വാർട്ടറിൽ മുദ്ര പതിക്കേണ്ട അളവുതൂക്ക ഉപകരണങ്ങളുടെ പുനപരിശോധന ഈ മാസം 26ന് പത്തനംതിട്ട ലീഗൽ മെട്രോളജി ഓഫീസിൽ നടക്കും. ഇതുവരെ അറിയിപ്പ് ലഭിക്കാത്തവർ അളവുതൂക്ക ഉപകരണങ്ങൾ ഹാജാക്കി മുദ്രപതിക്കണമെന്ന് ലീഗൽ മെട്രോളജി അധികൃതർ അറിയിച്ചു. ഫോൺ: 0468 2322853.

(പിഎൻപി 1562/18)

## ഹെപ്പറ്റൈറ്റിസ് എ പകരാതിരിക്കാൻ ശ്രദ്ധ വേണം- ജില്ലാ മെഡിക്കൽ ഓഫീസർ

മഴക്കാലത്ത് പടർന്നുപിടിക്കാൻ സാധ്യതയുള്ള ഹെപ്പറ്റൈറ്റിസ് എ തടയുന്നതിന് പ്രത്യേകം ശ്രദ്ധിക്കണമെന്ന് ജില്ലാ മെഡിക്ക ൽ ഓഫീസർ ഡോ.എ.എൽ.ഷീജ അറിയിച്ചു. കരളിനെ ബാധിക്കുന്ന വൈറസ് രോഗമാണിത്. മലിനമായ ജലത്തിലൂടെയും ആഹാരത്തിലൂടെയുമാണ് ഇതിന്റെ വൈറസ് മനുഷ്യശരീരത്തിലെത്തുന്നത്.

ശരീരവേദനയോടുകൂടിയ പനി, തലവേദന, ക്ഷീണം, മനംപിരട്ടൽ, ഛർദി, ഓക്കാനം തുടങ്ങിയവയാണ് പ്രാരംഭ ലക്ഷണങ്ങൾ. പിന്നീട് മൂത്രത്തിലും കണ്ണിലും ശരീരത്തിലും മഞ്ഞ നിറം പ്രത്യക്ഷപ്പെടും. രോഗലക്ഷണങ്ങൾ ഉണ്ടായാൽ ഉടൻ ചികിത്സ തേടണം. രക്തപരിശോധനയിലൂടെ ഹെപ്പറ്റൈറ്റിസ് എ തിരിച്ചറിയാം. രോഗം വന്നവർ ഡോക്ടറുടെ നിർദേശാനുസരണം മരുന്നുകഴിച്ച് വിശ്രമിക്കണം.

**നിയന്ത്രണ മാർഗങ്ങൾ**

തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കാൻ ഉപയോഗിക്കണം. ജലപരിശോധന നടത്തി കുടിവെള്ളം രോഗാണുമുക്തമാണെന്ന് ഉറപ്പുവരുത്തണം. ജലസ്രോതസ്സുകൾ ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് ശുദ്ധീകരിക്കണം. പരിസര ശുചിത്വം ഉറപ്പുവരുത്തി ജലം മലിനമാകുന്നത് തടയണം. ആഹാര സാധനങ്ങൾ അടച്ചു സൂക്ഷിക്കണം. ആഹാരം കഴിക്കുന്നതിന് മുമ്പും മലവിസർജനത്തിന് ശേഷവും കൈകൾ സോപ്പിട്ടുകഴുകണം. പഴകിയതും മലിനവുമായ ആഹാരം, പാനീയങ്ങൾ എന്നിവ ഒഴിവാക്കണം. പഴവർഗങ്ങളും പച്ചക്കറികളും നന്നായി കഴുകിയതിന് ശേഷം മാത്രം ഉപയോഗിക്കുക. കുഞ്ഞുങ്ങൾക്ക് മുലപ്പാൽ കഴിയുന്നത്ര കാലം നൽകുന്നതോടൊപ്പം കുപ്പിപ്പാൽ ഒഴിവാക്കണം.

## പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളിൽ എല്ലാവരും സഹകരിക്കണം

ജില്ലയിൽ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ടെന്നും ഇത് വിജയിപ്പിക്കുന്നതിന് എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അഭ്യർഥിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഊർജിത ഉറവിട നിർമാർജന പ്രവർത്തനങ്ങളും ബോധവത്ക്കരണ പരിപാടികളും നടന്നുവരുന്നു. രോഗം റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ ഫോഗിംഗ്, സ്പ്രേയിംഗ്, ഫീൽഡ്തല രോഗപ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ നടക്കുന്നുണ്ട്.

ഡങ്കിപ്പനി നിയന്ത്രണം സാധ്യമാക്കുന്നതിന് ഈഡിസ് കൊതുകുകളെ നിയന്ത്രിക്കണമെന്നും ഇതിനായി ഏവരുടെയും കൂട്ടായ പ്രവർത്തനം ഉണ്ടാകണമെന്നും ഡിഎംഒ അഭ്യർഥിച്ചു. (പിഎൻപി 1563/18)

## ബാലവേല വിരുദ്ധവാരാചരണം : സെമിനാർ നടത്തി

ബാലവേല വിരുദ്ധവാരാചരണ ത്തോ ടനുബന്ധിച്ച് ശിശുക്ഷേമ സമിതിയും തൊഴിൽ വകുപ്പും സംയുക്തമായിപത്തനംതിട്ട ടൗൺ ഹാളിൽ സെമിനാർ നടത്തി. ശിശുക്ഷേമ സമിതി വൈസ്പ്രസിഡണ്ട് പ്രൊഫ. കെ. മോഹൻകുമാർ ഉദ്ഘാടനം ചെയ്തു. ശിശുക്ഷേമസമിതി സെക്രട്ടറി ജി. പൊന്നമ്മ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ ലേബർ ഓഫീസർ ടി. സൗദാമിനി മുഖ്യപ്രഭാഷണം നടത്തി. അസിസ്റ്റന്റ് ലേബർ ഓഫീസർ എം.എസ് സുരേഷ് ബാലവേല വിരുദ്ധ ബോധവൽക്കരണ ക്ലാസ് നയിച്ചു. തണൽ കോർഡിനേറ്റർ ആർ. ഭാസ്കരൻനായർ, ശിശുക്ഷേമ സമിതി എക്സിക്യുട്ടീവ് അംഗം കെ.കെ വിജയകുമാർ, സരസമ്മ നടരാജൻ, ഷാൻ രമേശ് ഗോപൻ, തുടങ്ങിയവർ സംസാരിച്ചു.

(പിഎൻപി 1564/18)

## അടിസ്ഥാന സൗകര്യങ്ങളില്ലാത്ത പോളിംഗ് ബൂത്തുകൾ മാറ്റുന്നകാര്യം പരിശോധിക്കും – ജില്ലാ കളക്ടർ

മതിയായ അടിസ്ഥാന സൗകര്യങ്ങളില്ലാത്ത ജില്ലയിലെ പോളിംഗ് ബൂത്തുകൾ പുതിയ കേന്ദ്രങ്ങളിലേക്ക് മാറ്റുന്നകാര്യം പരിശോധിക്കുമെന്ന് ജില്ലാ കളക്ടർ പി.ബി.നൂഹ് പറഞ്ഞു. ജില്ലയിലെ പോളിംഗ് കേന്ദ്രങ്ങൾ പുനക്രമീകരിക്കുന്നത് സംബന്ധിച്ച് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെയും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരുടെയും യോഗത്തിൽ സംസാരിക്കുകയായിരുന്നു കളക്ടർ. വർഷങ്ങൾക്ക് മുമ്പ് നിശ്ചയിച്ച പല പോളിംഗ് ബൂത്തുകളിലും വേണ്ട അടിസ്ഥാന സൗകര്യങ്ങളില്ല. എന്നാൽ ഇവയുടെ തൊട്ടടുത്തുതന്നെ അടിസ്ഥാന സൗകര്യങ്ങൾ ഏറെയുള്ള കേന്ദ്രങ്ങൾ ലഭ്യമാണ്. ഇവിടേക്ക് പോളിംഗ് ബൂത്തുകൾ മാറ്റുകയാണെങ്കിൽ അത് വോട്ടർമാർക്കും പോളിംഗ് ഉദ്യോഗസ്ഥർക്കും ആശ്വാസമാകും. ഇത്തരത്തിലുള്ള മാറ്റത്തിന് രാഷ്ട്രീയപാർട്ടികളുടെ പൂർണസഹകരണം ആവശ്യമാണ്. അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പിന് മുമ്പ് പോളിംഗ് ബൂത്തുകൾ പുനക്രമീകരിക്കുന്നതിന് സമയമുണ്ട്. ഈ പ്രവർത്തനങ്ങൾ ഇപ്പോൾ തന്നെ ആരംഭിക്കുകയാണെങ്കിൽ തുടർന്നുവരുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിലും ഇത് പ്രയോജനപ്രദമാകുമെന്നും കളക്ടർ പറഞ്ഞു.

തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദേശപ്രകാരം 1300 വോട്ടർമാരിൽ കൂടുതലുള്ള ബൂത്തുകളെ വിഭജിച്ച് പുതിയ പോളിംഗ് ബൂത്തുകൾ രൂപീകരിക്കേണ്ടതുണ്ട്. ഇതിന് മുന്നോടിയായി മരണപ്പെട്ടവരെയും സ്ഥലം മാറിപ്പോയവരെയും വോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കുന്ന പ്രക്രിയ ത്വരിതപ്പെടുത്തണം. പല ബൂത്തുകളിലും കമ്മീഷൻ നിശ്ചയിച്ച മാനദണ്ഡത്തേക്കാൾ ഏതാനും വോട്ടർമാർ മാത്രമാണ് കൂടുതലുള്ളത്. ഇവിടങ്ങളിൽ പുതിയ ബൂത്തുകൾ ക്രമീകരിക്കുന്നതിനേക്കാൾ എളുപ്പം വോട്ടർമാർ കുറവുള്ള തൊട്ടടുത്ത ബൂത്തുകളിലേക്ക് ഇവരെ മാറ്റുന്നതായിരിക്കും അഭികാമ്യമെന്ന് യോഗത്തിൽ അഭിപ്രായ

മുയർന്നു. ജില്ലയിലെ അഞ്ച് നിയമസഭാ മണ്ഡലങ്ങളിലായി 1048 പോളിംഗ് ബൂത്തുകളാണ് ഉള്ളത്. കോന്നി-205, റാന്നി-197, ആറന്മുള-237, തിരുവല്ല-203, അടൂർ- 206 എന്നിങ്ങനെയാണ് ബൂത്തുകളുടെ എണ്ണം. കോന്നി നിയമസഭാ മണ്ഡലത്തി ൽ അടിസ്ഥാന സൗകര്യങ്ങളില്ലാത്ത മൂന്ന് ബൂത്തുകൾ മാറ്റേണ്ടിവരുമെന്നും 16 പുതിയ ബൂത്തുകൾ ക്രമീകരിക്കണമെന്നും ഇആർഒ അറിയിച്ചു.റാന്നിയിൽ 10 പുതിയ ബൂത്തുകൾ കൂടി ക്രമീകരിക്കേണ്ടി വരും. ആറന്മുളയിലും അടൂരിലും പുതിയ ബൂത്തുകൾ ക്രമീകരിക്കേണ്ടിവരില്ലെന്നാണ് ഇആർഒമാർ അറിയിച്ചത്. തിരുവല്ലയിൽ 14 പുതിയ ബൂത്തുകൾ ക്രമീകരിക്കേണ്ടിവരുമെന്ന് ഇആർഒ അറിയിച്ചു. ജില്ലയിലെ അഞ്ച് നിയമസഭാ മണ്ഡലങ്ങളിലായി 991731 വോട്ടർമാരാണുള്ളത്.

യോഗത്തിൽ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ പി.അജന്തകുമാരി, ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരായ കെ.വി.രാധാകൃഷ്ണൻനായർ, റ്റി.ജി.ഗോപകുമാർ, കെ.ഓമനക്കുട്ടൻ, ബി.ജ്യോതി, രാഷ്ട്രീയപാർട്ടി പ്രതിനിധികളായ അഡ്വ.ഓമല്ലൂർ ശങ്കരൻ, വി.ആർ.സോജി, വി.എസ്.അനിൽകുമാർ, നൗഷാദ് കണ്ണങ്കര, ജോൺപോൾ മാത്യു, ജോൺസ് യോഹന്നാൻ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 1565/18)

## പനി: 561 പേർ ചികിത്സ തേടി

ജില്ലയിൽ പനി ബാധിച്ച് ഇന്നലെ (18) 561 പേർ വിവിധ ആശുപത്രികളിൽ ചികിത്സ തേടി. ഡങ്കിപ്പനി ലക്ഷണങ്ങളോടെ ചികിത്സ തേടിയ എട്ട് പേരിൽ മൂന്ന് പേർക്ക് ഡങ്കിപ്പനി സ്ഥിരീകരിച്ചു. ഒരാൾക്ക് എലിപ്പനിയും സ്ഥിരീകരിച്ചു. നാല് പേർക്ക് ചിക്കൻപോക്സും ഒരാൾക്ക് ഹെപ്പറ്റൈറ്റിസ് എയും സ്ഥിരീകരിച്ചു. വയറിളക്കരോഗങ്ങൾക്ക് 73 പേർ ചികിത്സ തേടി. പ്രമാടം, ചെന്നീർക്കര, നാറാണംമൂഴി, ഇലന്തൂർ, റാന്നി പെരുനാട് എന്നിവിടങ്ങളിലാണ് ഡങ്കിപ്പനി സ്ഥിരീകരിച്ചത്. എലിപ്പനി കൊക്കാത്തോട്ടിലാണ് സ്ഥിരീകരിച്ചിട്ടുള്ളത്.

(പിഎൻപി 1555/18)

## കാലവർഷക്കെടുതി : ദുരിതാശ്വാസ ക്യാമ്പുകളിലുള്ളവർ മടങ്ങുന്നു

ജില്ലയിൽ കാലവർഷക്കെടുതിയിൽ ദുരിതം അനുഭവിക്കുന്നവരെ മാറ്റിപ്പാർപ്പിക്കുന്നതിനായി തുറന്ന ഒൻപത് ദുരിതാശ്വാസ ക്യാമ്പുകളിൽ എട്ടെണ്ണത്തിലുള്ളവർ വീടുകളിലേക്ക് മടങ്ങി. തിരുവല്ല താലൂക്കിലെ പെരിങ്ങര പഞ്ചായത്തിലെ ഒരു ദുരിതാശ്വാസ ക്യാമ്പ് മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. 961 പേരായിരുന്നു ക്യാമ്പുകളിൽ കഴിഞ്ഞിരുന്നത്. ഇതിൽ 790പേർ വീടുകളിലേക്ക് മടങ്ങി. 171 പേരാണ് ഇനിയും ക്യാമ്പിൽ അവശേഷിക്കുന്നത്. ഇന്നലെ (18) മഴ കുറവായതിനാൽ നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

(പിഎൻപി 1556/18)

## ഫോട്ടോ അടിക്കുറിപ്പ്

1) പോളിംഗ് കേന്ദ്രങ്ങൾ പുനക്രമീകരിക്കുന്നത് സംബന്ധിച്ച് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെയും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരുടെയും യോഗത്തിൽ ജില്ലാ കളക്ടർ പി.ബി.നൂഹ് സംസാരിക്കുന്നു.
2) ബാലവേല വിരുദ്ധവാരാചരണ സമാപന സമ്മേളനവും ബോധവൽക്കരണ ക്ലാസും പത്തനംതിട്ട ടൗൺ ഹാളിൽ ശിശുക്ഷേമ സമിതി വൈസ്പ്രസിഡണ്ട് പ്രൊഫ. കെ. മോഹൻകുമാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു.




(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്